## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2813 19.02.2016-ലെ മറുപടിക്ക്

## അമിനിറ്റീസ് സെന്ററും ബസ് ഷെൽട്ടറും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. എസ്. ശബരീനാഥൻ | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററും ആധുനിക ബസ് ഷെൽട്ടറും നിർമ്മിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിലും, ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിലും കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി)<br><br>(സി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്?<br><br>ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | ആധുനിക സംവിധാനങ്ങളോടു കൂടിയ ബസ് കാത്തിരിപ്പു കേന്ദ്രങ്ങൾ നിർമ്മിക്കുവാനാണ് പ്രതീക്ഷാ ബസ്ഷെൽട്ടർ രൂപീകരിച്ചിട്ടുള്ളത്. ദീർഘദൂര യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് എന്ന കമ്പനി രൂപീകരിച്ചിരിക്കുന്നത്. ടോയ്‌ലറ്റ് സൗകര്യത്തിന് പുറമെ ലഘു ഭക്ഷണശാല, |

മെമന്റോ ഷോപ്പ്, വിശ്രമ സൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, കാറുകൾ കഴുകുന്നതിനുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകല്പന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 34 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 7 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുകയും പെരുമ്പാവൂരിൽ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയുമുണ്ടായി.

**സെക്ഷൻ ഓഫീസർ**